(ബി) ഇതു ഏക്കറിനു 5,000 രൂപയായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2,000 രൂപ നിരക്കിലാണ് അനുവദിച്ചുകൊണ്ടിരുന്നത്.

(ബി) 22-8-1979-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) 362/79/ക.വ. ഉത്തരവുപ്രകാരം 2,500 രൂപയായി ഉയർത്തിയിട്ടുണ്ട്.

കുടികിടപ്പുകാർക്കുള്ള ഭവനനിർമ്മാണപദ്ധതി

36 [59] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കും തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പ് ലഭിച്ചവർക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള ഒരു സ്കീം ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിലാണ് ഈ വർഷം ആ സ്കീം നടപ്പാക്കിയിട്ടുള്ളത്;

(സി) എത്ര ആളുകൾക്ക് ആ സ്കീമിൻെറ ഫലമായി പ്രയോജനമുണ്ടായി എന്നു വ്യക്തമാക്കാമോ;

(ഡി) എല്ലാ താലൂക്കുകളിലും ആ സ്കീം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുടികിടപ്പിൻെറ ഉടമാവകാശം ലഭിച്ചവർക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കൊല്ലം, അമ്പലപ്പുഴ, ചേർത്തല എന്നീ മൂന്നു താലൂക്കുകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു.

(സി) ഈ പദ്ധതി അനുസരിച്ച് 31-7-1979 വരെ കിട്ടിയിട്ടുള്ള അപേക്ഷകളിൽ അർഹതയുള്ള 13,151 അപേക്ഷകരും വേണ്ട ശുപാർശയോടുകൂടി ബന്ധപ്പെട്ട സ്റ്റേറ്റു ബാങ്ക് അധികാരികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അവയിൽ 5,129 അപേക്ഷകർക്ക് ലോണും ഗ്രാൻറും ഇതിനകം നൽകിക്കഴിഞ്ഞു.

(ഡി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സഹായത്തോടെയാണ് ഈ പദ്ധതി മൂന്നു താലൂക്കുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സാമ്പത്തികസ്ഥാപനങ്ങളിൽനിന്നും വേണ്ടത്ര ധനസഹായം ലഭിക്കുകയാണെങ്കിൽ ഈ പദ്ധതി സംസ്ഥാനത്തിലുടനീളം നടപ്പാക്കാവുന്നതാണ്.

പുതിയ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻററുകൾ

37 [60] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സാമ്പത്തികവർഷം ഐ.ടി.സി.-കൾ തുടങ്ങുവാൻ എത്ര പേർക്ക് അനുവാദം നൽകി;

(ബി) അതിൽ എത്ര പേർ ഹരിജനങ്ങളാണ്;

(സി) ഹരിജനങ്ങളായ അപേക്ഷകരുണ്ടെങ്കിൽ അവർക്ക് ഐ.ടി.സി. കൾ തുടങ്ങുവാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം ഇരുപത്തിഒൻപത് (29) ഐ.ടി.സി. കൾ തുടങ്ങുവാൻ അനുവാദം നൽകി.

(ബി) ഒന്ന്.

(സി) നിർദ്ദിഷ്ടവ്യവസ്ഥകൾക്ക് വിധേയമായി അനുവാദം കൊടുക്കുന്നതിനു വിരോധമില്ല. അനുവാദം നൽകാവുന്നതാണ്.

കൊല്ലം ജില്ലയിൽ ഐ.ടി.ഐ. തുടങ്ങണമെന്ന ഡി.ഡി.സി.യുടെ പ്രമേയം

38 [61] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഗവൺമെൻറുടമയിൽ ഒരു ഐ.ടി.ഐ. കൂടി തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള കൊല്ലം ഡി.ഡി.സി.യുടെ പ്രമേയം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ലഭിച്ചതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി. ഡബ്ള്യു. ഡി. ഡിവിഷനുകൾ

39 [71] ശ്രീ. സി. എ. കുരിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു എത്ര പി. ഡബ്ളിയു. ഡിവിഷനുകൾ ഉണ്ട്;

(ബി) ഇടുക്കി ജില്ലക്ക് മാത്രമായി പി. ഡബ്ളിയു. ഡി. ഡിവിഷൻ ഉണ്ടോ;

(സി) ഇല്ലെങ്കിൽ ഒരു ഡിവിഷൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 86 ഡിവിഷനുകൾ ഉണ്ട്.

(ബി) ഇടുക്കിക്ക് മാത്രമായി ഒരു ഡിവിഷൻ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly